
# അഗപെ കയ്യെഴുത്തു മാസിക

വാല്യം 29 ജനുവരി 2020



മിഷനറി ചരിത്രം, ലേഖനങ്ങൾ

കവിത, ഭാവന, ക്വിസ്

follow us:

+971 50 3243161 Gmail agape.magasine@gmail.com http://www.facebook.com/pages/Agape-Magasine

web : www.agapemagazine.com

# ഉള്ളടക്കം


1, മുഖവുര 03

2, സുഖകാലത്തും ജാഗ്രതയുള്ളവരായിരിപ്പിൻ! 07

ബ്രദർ :സാജു ജോൺ മാത്യു

3, സങ്കേതനഗരം 10

സിസ്റ്റർ. ആനി റെജി

4, നിങ്ങൾ എന്നെ ആർ എന്നു പറയുന്നു 14

ബെന്നി ജോർജ്ജ് മണലി

5, പ്രാർത്ഥന 19

ബ്ലെസ്സൺ രാജു, ചെങ്ങന്നൂർ

6, മിഷനറി ചരിത്രം 20

ഹെൻറി ഫ്രാൻസിസ് ലെയ്റ്റ്

7, നിനവേയിലേക്കുള്ള ദൂരം 26

ഷിബു ഡാനിയേൽ

8, ക്രിസ്തീയ ജീവിതത്തിന്റെ 8 പടവുകൾ 32

റെജി ഓമല്ലൂർ

9, ചോദ്യാവലി 37


agape

# മുഖവുര

പ്രിയമുള്ളവരേ, വീണ്ടും ജനനത്തിലൂടെ, ദൈവരാജ്യത്തിന്റെ വ്യവസ്ഥകളിലൂടെ ദൈവാത്മാവ് ബോധ്യം വരുത്തുന്നതിലൂടെ തങ്ങളെത്തന്നെ താഴ്ത്തി, യേശുവിനു ജീവിക്കുവാൻ ഓരോ നിമിഷവും അനുവദിച്ചു കൊടുക്കുന്ന ഒരുവനാണ് **സ്വർഗ്ഗത്തിന്റെ പൗരത്വം** ഉറപ്പിക്കുന്നത്. അപ്പോഴാണ് പൗലോസ്ശ്ലീഹാ പറയുന്നത് നമുക്കും ബാധകമാകുന്നത്.നമ്മുടെ പൗരത്വവും തെളിയിക്കപ്പെടുന്നത്.



വർഷങ്ങളായി ഒരു രാജ്യത്ത് ജീവിച്ചു വന്നവർ തെളിവുകൾ നിരത്തിയില്ലെങ്കിൽ പൗരത്വം നഷ്ടപ്പെട്ടു ഒന്നെങ്കിൽ ജയിലിലേക്കോ, അല്ലെങ്കിൽ വേറെ ഏതെങ്കിലും അഭയം നല്കുന്ന രാജ്യത്തേക്കോ പോകണമെന്നുള്ള ദയനീയ സ്ഥിതിയിലൂടെയാണ് രാജ്യം മുമ്പോട്ടു പോകുന്നത്. അത്യാധുനിക സൗകര്യങ്ങളുടെ അപര്യാപ്തത ഒട്ടേറെ ഉണ്ടായിരുന്ന 80 കൾക്ക് മുമ്പിൽ ജനിച്ചവർക്ക് ജനന സർട്ടിഫിക്കറ്റ് ഒക്കെ കണ്ടുപിടിച്ചു കൊടുക്കുക എന്നുള്ളത് ദുഷ്കരമായ കാര്യമാണ്. പക്ഷേ പൗരത്വം തെളിയിക്കപ്പെട്ടില്ലെങ്കിൽ കഥമാറും. അയൽവാസികൾ പറയുകയാണ് എനിക്ക് മനുഷ്യനെ ചെറുപ്പം മുതലേ അറിയാം, എന്റെ അടുത്ത വീട്ടിലാണ് ജനനശേഷം താമസിച്ചിരുന്നത്, അങ്ങനെയാണെങ്കിലും വാമൊഴിയായി പറഞ്ഞാലും കാര്യം സാധ്യമാകില്ല. പൗരത്വം രേഖകളുടെ അടിസ്ഥാനത്തിൽ തെളിയിക്കപ്പെട്ടേ മതിയാകൂ.

ജനങ്ങൾക്ക് ആശങ്കയുണ്ട്, വ്യക്തമായ വാദങ്ങളോടെ ഭരണകൂടം ആ ജനങ്ങളുടെ ആശങ്കയകറ്റാനുള്ള കാര്യങ്ങൾ വിശദീകരിച്ചില്ല എന്നുള്ളതും, ഭയപ്പെടുത്തി മുതലെടുപ്പു നടത്തുന്നവർ മറ്റൊരു വശത്തും ... കൂടുതലായി എഴുതി കാര്യങ്ങൾ വഷളാക്കുന്നില്ല. നമ്മുടെ കാര്യത്തിലേക്കു വരാം. ഫിലിപ്പിയർക്കു എഴുതിയ ലേഖനത്തിൽ പൗലോസ് അപ്പോസ്തലൻ, ക്രൂശിന്റെ ശത്രുക്കളായി നടക്കുന്നവരെയും, ഭൗതിക നന്മകൾക്കായി യേശുവിനെയും അവന്റെ സുവിശേഷത്തെയും നല്ല വചനത്തെയും കോട്ടിക്കളയുന്നവരെയും നോക്കി അമർഷപ്പെട്ടു അതേപോലെയുള്ള ഫിലിപ്പിയരോടു പറയുകയാണ്,

ഭൂമിയിലുള്ളതു ചിന്തിക്കുന്നവർ അതു ചെയ്യട്ടെ.
എന്നാൽ നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു.

ജനിച്ചു വളർന്ന നാട്ടിൽ കുറഞ്ഞ വർഷങ്ങൾ മാത്രം ജീവിക്കുന്ന ആയുസ്സിൽ തുടർന്നും ജീവിക്കണമെങ്കിൽ പൗരത്വം തെളിയിക്കപ്പെടുന്ന രേഖകൾ ഹാജരാക്കണമെങ്കിൽ, യുഗായുഗങ്ങൾ അല്ലെങ്കിൽ അവസാനമില്ലാത്ത ഒരു ജീവിതം സ്വർഗ്ഗത്തിൽ സാധ്യമാകണമെങ്കിലും പൗരത്വം തെളിയിക്കപ്പെടേണ്ടതുണ്ട്. ഒരു രാജ്യത്ത് അധിവസിക്കണമെങ്കിൽ നാം രേഖകൾ കാണിച്ചേ മതിയാകുകയുള്ളുവെങ്കിൽ സ്വർഗ്ഗീയ പൗരത്വം നാം നേടണമെങ്കിലും പൗരത്വം തെളിയിക്കപ്പെടേണ്ടതുണ്ട്. ഒന്നു ദൈവരാജ്യത്തിലേക്കു പ്രവേശിക്കണമെങ്കിൽ നാം വീണ്ടും ജനിക്കണം. (യോഹന്നാൻ 3:3,5).

രണ്ട് സ്വർഗ്ഗരാജ്യത്തിൽ അംഗമാകുന്നവർ ആ രാജ്യത്തിന്റെ നിയമങ്ങൾ അനുസരിച്ചു ജീവിച്ചേ മതിയാകുകയുള്ളു. ദൈവ വ്യവസ്ഥകളോട് താദാത്മ്യം പ്രാപിക്കാത്തവർ പൗരത്വരേഖ തെളിയിക്കുവാൻ ബുദ്ധിമുട്ടും. ആരാധനയ്ക്കായി പോകുന്ന സഭ തെളിവു നല്കിയാലോ സഭയുടെ ദൈവദാസൻ സാക്ഷ്യം പറഞ്ഞാലോ പൗരത്വം തെളിയിക്കപ്പെടുകയില്ല. വീണ്ടും ജനനം എന്ന അത്ഭുത പ്രതിഭാസം കൊണ്ടു മാത്രമേ മതിയാകുകയുള്ളു. പിന്നെ പരിശുദ്ധാത്മാവ് നമ്മിൽ വസിച്ച് യേശുവിന്റെ പ്രവൃത്തി ചെയ്യുന്നതെന്ന് ഉറപ്പു വരുത്തണം.

യേശുവിനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർപ്പിച്ചവന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എങ്കിൽ ക്രിസ്തുയേശുവിനെ മരണത്തിൽ നിന്നു ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്നു ........ തന്റെ ആത്മാവിനെക്കൊണ്ടു നിങ്ങളുടെ മർത്യശരീരങ്ങളെയും ജീവിപ്പിക്കും. (റോമർ 8:11)

പ്രിയമുള്ളവരെ, വീണ്ടും ജനനത്തിലൂടെ, ദൈവരാജ്യത്തിന്റെ വ്യവസ്ഥകളിലൂടെ ദൈവാത്മാവു ബോധ്യം വരുത്തുന്നതിലൂടെ തങ്ങളെത്തന്നെ താഴ്ത്തി, യേശുവിനു ജീവിക്കുവാൻ ഓരോ നിമിഷവും അനുവദിച്ചു കൊടുക്കുന്ന ഒരുവനാണ് സ്വർഗ്ഗത്തിന്റെ പൗരത്വം ഉറപ്പിക്കുന്നത്. അപ്പോഴാണ് പൗലോസ് ശ്ലീഹാ പറയുന്നത് നമുക്കും ബാധകമാകുന്നത്. നമ്മുടെ പൗരത്വവും തെളിയിക്കപ്പെടുന്നത്.

'നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു; അവിടെനിന്നു കർത്താവായ യേശു ക്രിസ്തു രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു. അവൻ സകലവും തനിക്കു കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തി കൊണ്ടു നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോടു അനുരൂപമായി രൂപാന്തരപ്പെടുത്തും.' [ഫിലിപ്പിയർ 3:20-21]





ബ്രദർ :സാജു ജോൺ മാത്യു



സുഖ കാലത്തിൽ നാം നമ്മുടെ ദൗത്യം മറക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. നാം വെള്ളം കുടിക്കേണ്ടതു ആവശ്യമാണ്. എന്നാൽ വെള്ളം നമ്മെ കുടിക്കരുത്. നോക്കൂ, ദൈവം തള്ളിയ ഒൻപതിനായിരത്തി ഏഴുനൂറു പേർ ഭീരുക്കളായിരുന്നില്ല (ഭീരുക്കൾ പിൻവാങ്ങാൻ പറഞ്ഞപ്പോൾ അവർ സൈന്യത്തെ വിട്ടു പോയിരുന്നില്ല.) എന്നാൽ അവർ ശ്രദ്ധാലുക്കളായിരുന്നില്ല.

# സുഖകാലത്തും ജാഗ്രതയുള്ളവരായിരിപ്പിൻ!

വായനാഭാഗം : ന്യായാധിപന്മാർ 7: 1-8

യഹോവ ഗിദെയോനോടു: നക്കിക്കുടിച്ച മുന്നൂറു പേരെക്കൊണ്ടു ഞാൻ നിങ്ങളെ രക്ഷിച്ചു മിദ്യാന്യരെ നിന്റെ കയ്യിൽ ഏല്പിക്കും;

[വാക്യം 7:7]

ഗിദെയോൻ യുദ്ധത്തിന്നായി വിളിച്ചു കൂടിയവർ ശക്തരായ മുപ്പത്തീരായിരം പേർ ആയിരുന്നു എന്നാൽ ശത്രുസൈന്യം വെട്ടുക്കിളിയുടെ കൂട്ടം പോലെ വളരെ വലുതായിരുന്നു. അവരുടെ ഒട്ടകങ്ങളും അസംഖ്യം ആയിരുന്നു. [7:12] തനിക്കു യുദ്ധത്തിനായി ഇനിയും ജനങ്ങൾ വേണമെന്നു ഗിദെയോൻ വിചാരിച്ചു. എന്നാൽ ദൈവം പറഞ്ഞു 'നിന്നോടു കൂടെയുള്ള ജനം അധികമാകുന്നു.' അങ്ങനെ ഭയമുള്ളവരൊക്കെ മടങ്ങിപ്പൊയ്ക്കൊള്ളട്ടെ എന്നു പ്രസിദ്ധമാക്കി. ഇരുപത്തീരായിരം പേർ മടങ്ങിപ്പോയി. പതിനായിരം പേർ ശേഷിച്ചു. ഭീരുക്കൾക്ക് ദൈവസന്നിധിയിൽ സ്ഥാനമില്ല. ഇത്രയും പേരുടെ പിൻവാങ്ങലിൽ ഗിദെയോൻ അസ്വസ്ഥനായിക്കാണും. ശത്രുസൈന്യം കടൽക്കരയിലെ മണൽ പോലെ ആയിരിക്കുമ്പോൾ വെറും പതിനായിരവുമായി എന്തു ചെയ്യുവാനാകും. എന്നാൽ ദൈവം പറഞ്ഞു എണ്ണം വീണ്ടും വളരെക്കൂടുതലാണ്. ഒരു വേർതിരിവുകൂടി ആവശ്യമായിരിക്കുന്നു.

ഗിദെയോൻ അവരെ വെള്ളം കുടിക്കുവാനായി വെള്ളത്തിങ്കലേക്കു കൂട്ടിക്കൊണ്ടുപോയി. മുന്നൂറു പേർ പട്ടി നക്കിക്കുടിക്കും പോലെ തങ്ങളുടെ നാവുകൊണ്ടു വെള്ളം നക്കി കുടിച്ചു. ശേഷം ജനമൊക്കെയും വെള്ളം കുടിക്കുവാൻ മുട്ടുകുത്തി കുനിഞ്ഞു. യഹോവ ഗിദെയോനോടു, നക്കിക്കുടിച്ച മുന്നൂറുപേരെക്കൊണ്ടു ഞാൻ നിങ്ങളെ രക്ഷിച്ചു മിദ്യാന്യരെ നിന്റെ കയ്യിൽ ഏല്പിക്കും എന്നു പറഞ്ഞു.



ഏതുകൊണ്ടാണ് നക്കികുടിച്ചവർ യുദ്ധത്തിന് യോഗ്യരും മുട്ടുകുത്തിയിരുന്നവർ അയോഗ്യരുമായത്.?

നായ്ക്കളെ ശ്രദ്ധിച്ചാൽ വെള്ളം കുടിക്കുമ്പോൾ അവയുടെ കണ്ണുകൾ തുറന്നിരിക്കുന്നതു കാണാം. [പൂച്ച പാൽ കുടിക്കുന്നതു പോലെ കണ്ണടയ്ക്കുന്നില്ല.] അവ വെള്ളത്തിലേക്കു നോക്കുകയില്ല. മറിച്ച് വശങ്ങളിലേക്കു നോക്കിക്കൊണ്ടിരിക്കും. നായ്ക്കൾ വെള്ളം കുടിക്കുമ്പോഴും ശ്രദ്ധാലുക്കളാണ്. നാവുകൊണ്ടു വെള്ളം കുടിച്ചവർ അവരുടെ അഭ്യാസത്തിലും ജാഗ്രതയുള്ളവരാണ്. അവരുടെ കണ്ണിൽ ഒരുകാര്യം മാത്രമെയുള്ളൂ. 'യുദ്ധം'.

നാം നമ്മുടെ ശത്രുവായ സാത്താനുമായി യുദ്ധത്തിലാണ്. വെള്ളം കുടിക്കുവാൻ മുട്ടുകുത്തിയവർക്കു വെള്ളമായിരുന്നു മുൻഗണന. യുദ്ധമല്ല.

സുഖകാലത്തിൽ നാം നമ്മുടെ ദൗത്യം മറക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. നാം വെള്ളം കുടിക്കേണ്ടത് ആവശ്യമാണ്. എന്നാൽ വെള്ളം നമ്മെ കുടിക്കരുത്. നോക്കൂ, ദൈവം തള്ളിയ ഒൻപതിനായിരത്തി എഴുന്നൂറുപേർ ഭീരുക്കളായിരുന്നില്ല. [ഭീരുക്കൾ പിൻവാങ്ങാൻ പറഞ്ഞപ്പോൾ അവർ സൈന്യത്തെ വിട്ടുപോയിരുന്നില്ല.] എന്നാൽ അവർ ശ്രദ്ധാലുക്കളായിരുന്നില്ല.


ദൈവം നമ്മെക്കുറിച്ച് നാം ഭീരുക്കളാകരുതെന്നു മാത്രമല്ല ജാഗരൂകരാകണമെന്നും ആഗ്രഹിക്കുന്നു.

പ്രാർത്ഥന: കർത്താവേ, എന്റെ സുഖസൗകര്യങ്ങൾ എന്നെ തിന്നുകളയുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അങ്ങയുടെ രാജ്യത്തിന്റെ വിസ്തൃതിയെ കാണുവാൻ എന്റെ കണ്ണുകളെ സഹായിക്കേണമേ. ആമേൻ.

സിസ്റ്റർ. ആനി റെജി

**വെളിച്ചവും പ്രത്യാശയും ഇല്ലാതിരുന്ന ഗലീലയ്ക്കാണ് പുതിയ പ്രതീക്ഷകളുമായി പ്രത്യാശയും വെളിച്ചവുമായി ലോകരക്ഷകൻ കടന്നു വന്നത്.**

# സങ്കേതനഗരം



വായനാഭാഗം: അപ്പോ. പ്രവൃ. 1:11

"ഗലീലാപുരുഷന്മാരെ, നിങ്ങൾ ആകാശത്തിലേക്കു നോക്കി നില്ക്കുന്നത് എന്ത്? നിങ്ങളെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതു പോലെ തന്നെ അവൻ വീണ്ടും വരും എന്നു പറഞ്ഞു."

കർത്താവിന്റെ സ്വർഗ്ഗാരോഹണ വേളയിൽ തങ്ങളെ വിട്ടു ഉയരത്തിലേക്കു പോകുന്ന യേശുവിനെ നോക്കി അമ്പരപ്പോടെ നില്ക്കുന്ന ഗലീലയിലെ പുരുഷന്മാരോട് ദൂതന്മാർ ചോദിക്കുന്ന ചോദ്യമാണ് നമ്മുടെ വായനാഭാഗം. ഗലീലയെപ്പറ്റി യോശുവയുടെ പുസ്തകം ഇരുപതാം അദ്ധ്യായത്തിലാണ് നാം ആദ്യമായി കാണുന്നത്. ഗലീലയെ ഒരു സങ്കേത നഗരമായിട്ടാണ് പ്രതിപാദിച്ചിരിക്കുന്നത്.

എന്താണ് സങ്കേത നഗരം?

അബദ്ധവശാൽ ഒരാളെ കൊന്നുപോയാൽ രക്തപ്രതികാരകൻ കുലപാതകനെ കൊന്നുകളയാതിരിക്കുവാനായി ഓടിപ്പോയി ഇരിക്കേണ്ടതിനു യഹോവ മോശെ മുഖാന്തരം യിസ്രായേലിനു കല്പിച്ചാക്കിയതാണ്. ഒരു വ്യക്തി സങ്കേത നഗരത്തിൽ ഓടിച്ചെന്നു അഭയം പ്രാപിച്ചാൽ രക്തപ്രതികാരകനു അവനെ കൊല്ലുവാൻ കഴിയുകയില്ല. സങ്കേത നഗരം രക്തപ്രതികാരകനു അവനെ ഏല്പിച്ചു കൊടുക്കുകയും ഇല്ല. അങ്ങനെ കല്പിച്ചാക്കിയ ഒരു സങ്കേത നഗരമാണ് നഫ്താലിമല നാട്ടിൽ ഗലീലയിലെ കേദെശ്.

2 രാജാക്കന്മാർ 15:29-ൽ ഗലീലയുടെ അവസ്ഥ നോക്കുമ്പോൾ വളരെ ശോചനീയമാണെന്നു കാണുവാൻ സാധിക്കുന്നു. അശ്ശൂർ രാജാവ് ഗലീലയും ചുറ്റുമുള്ള പ്രദേശങ്ങളും പിടിച്ചടക്കി നിവാസികളെ ബദ്ധരാക്കി അശ്ശൂരിലേക്കു കൊണ്ടുപോയി.

എന്നാൽ യെശയ്യാ പ്രവചനത്തിലേക്കു വരുമ്പോൾ

ഒൻപതാം അദ്ധ്യായം ഒന്നാം വാക്യത്തിൽ ഇപ്രകാരം വായിക്കുന്നു. 'എന്നാൽ കഷ്ടതയിൽ ഇരുന്ന ദേശത്തിനു തിമിരം നില്ക്കുകയില്ല; പണ്ട് അവൻ സെബൂലൂൻ ദേശത്തിനും നഫ്താലി ദേശത്തിനും ഹീനതവരുത്തിയെങ്കിലും പിന്നത്തേതിൽ അവൻ കടൽ വഴിയായി യോർദ്ദാനക്കരെയുള്ള ജാതികളുടെ മണ്ഡലത്തിനു മഹത്വം വരുത്തും.'

ഒരിക്കൽ കഷ്ടതയിലും തിമിരത്തിലും ആയിരുന്ന സ്ഥലമാണ് ഗലീല. ഒന്നിനു പുറകെ ഒന്നായി കഷ്ടത നേരിട്ടു, മറ്റുള്ളവരുടെ അക്രമങ്ങൾക്കും ചൂഷണങ്ങൾക്കും വിധേയമായ ഒരു ദേശം. പ്രത്യാശ പറയുവാൻ ഒന്നുമില്ലാത്ത അവസ്ഥ. ഈ അവസ്ഥയിൽ നിൽക്കുന്ന ഗലീല ദേശത്തോടായി യെശയ്യാ പ്രവാചകൻ വിളിച്ചു പറയുന്നത്, ഈ തിമിരവും കഷ്ടതയും ഇനി നിലനിൽക്കയില്ല. എന്തെന്നാൽ നമുക്കൊരു ശിശു ജനിച്ചിരിക്കുന്നു. നമുക്കൊരു മകൻ നല്കപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ തോളിൽ ഇരിക്കും. അവൻ അത്ഭുത മന്ത്രി വീരനാം ദൈവം. നിത്യപിതാവ് സമാധാന പ്രഭു എന്നു വിളിക്കപ്പെടും.

യേശു കർത്താവ് ഗലീലയിലെ നസറേത്ത് എന്ന ഗ്രാമത്തിൽ പാർത്തതിനാൽ പ്രവചനത്തിനു നിവൃത്തിയായി. വെളിച്ചവും പ്രത്യാശയും ഇല്ലാതിരുന്ന ഗലീലയ്ക്കാണ് പുതിയ പ്രതീക്ഷകളുമായി പ്രത്യാശയും വെളിച്ചവുമായി ലോക രക്ഷകൻ കടന്നുവന്നത്.

അന്ധകാരത്തിൽ കിടന്ന ഗലീലയെ കർത്താവു അധികമായി സ്നേഹിച്ചു. ഗലീല കടൽപുറത്തു തന്റെ ശിഷ്യന്മാരെ കണ്ടെത്തി. ഗലീലയിൽ ജനത്തെ ഉപദേശിച്ചു. അത്ഭുതങ്ങളെ പ്രവർത്തിച്ചു. ആരാലും തള്ളപ്പെട്ട ഉപേക്ഷിക്കപ്പെട്ട അക്രമിക്കപ്പെട്ട

നേരത്ത്, ലോകരക്ഷകൻ ഉത്ഥിതനായപ്പോൾ വെളിച്ചം ഉദിച്ചു.
വലിയ വീര്യപ്രവർത്തികൾ നടന്നു. സ്വർഗ്ഗീയ ദൂത് അവർ കേട്ടു.
മറ്റാരും അനുഭവിച്ചിട്ടില്ലാത്ത സന്തോഷവും, മനഃശാന്തിയും അവർ
അനുഭവിച്ചു. ഗലീലയുടെ പഴയ നാടുകൾക്ക് അറുതി വന്നതായി
നാം അവിടെ കാണുന്നു. അപ്പൊ. പ്രവൃത്തികൾ
9:31-ൽ 'ഗലീല ഉൾപ്പെടെയുള്ള സഭകളിലെ
പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ്. തൻമൂലം
ആത്മിക വർദ്ധന പ്രാപിച്ചവരെയും കർത്താവി-
നോടുള്ള ഭക്തിയിലും പ്രബോധനത്തിലും കൂടി
സഭയുടെ വളർച്ചയും നാം കാണുന്നു.'

പാപത്തിന്റെ ശമ്പളം മരണമെന്ന
മാറാത്ത നിയമത്തിനു മുമ്പിൽ രക്തപ്രതികാരകൻ കൊല്ലുവാനായി
ഓടിക്കുമ്പോൾ, മാനവജാതിയുടെ പാപ പരിഹാരത്തിനായി ഒരേ
ഒരു രക്ഷാ സങ്കേതമായ നമ്മുടെ കർത്താവ് ഗലീലയെന്ന സങ്കേത
നഗരത്തിൽ നസറായൻ എന്ന പേരിൽ അറിയപ്പെട്ട് നമുക്കെല്ലാവ-
ർക്കും ഓടിച്ചെന്ന് അഭയം പ്രാപിക്കുവാൻ തക്കവണ്ണം ഒരു സങ്കേ
തമായി നിലകൊള്ളുന്നു. എബ്രായ ലേഖന കർത്താവ് 6:18-ൽ
പറയുന്നു 'നമ്മുടെ മുമ്പിൽ വെച്ചിട്ടുള്ള പ്രത്യാശ
പിടിച്ചു കൊൾവാൻ ശരണത്തിനായി ഓടിവന്ന നാം'
ശരണത്തിനായി ഓടി വന്ന നമുക്ക് സങ്കേത നഗരമായി നിലകൊള്ളുന്ന
ത് നസറായനായ യേശുവാണ്.

സങ്കേത നഗരത്തിൽ നിൽക്കുന്ന (ഗലീല്യ പുരുഷൻമാരെ)
"നിങ്ങൾ ആകാശത്തേക്കു നോക്കി നിൽക്കുന്നതെന്ത്? നിങ്ങളെ
വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്ക്
പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നെ അവൻ വീണ്ടും വരും."

ഈ വാഗ്ദത്തവും പ്രത്യാശയും സങ്കേതമായ ക്രിസ്തു
വിലുള്ളവർക്കാണ് ഉള്ളത്. അവനിൽ ഈ പ്രത്യാശയുള്ളവരേ ധൈര്യ
പ്പെടുവിൻ. അവൻ നിങ്ങളെ ചേർക്കുവാനായി വീണ്ടും വരും.



ബ്രദർ. ബെന്നി ജോർജ് മണലി

ഫിലിപ്പിന്റെ കൈസര്യയിൽ നിന്നു യേശു ചോദിച്ച ചോദ്യം ഇന്നും മുഴങ്ങുന്നു.
'നിങ്ങൾ എന്നെ ആർ എന്നു പറയുന്നു'?

ഈ ജനം എന്നെ കുറിച്ചു എന്തു പറയുന്നു എന്നല്ല. കാരണം അവർ എന്നെ തിരക്കുന്നതു അത്ഭുതം കണ്ടിട്ടല്ല. അപ്പം തിന്നിട്ടത്രെ. പത്രോസിനു ദൈവം വെളിപ്പെടുത്തിയ സത്യം ദൈവം നമുക്കും വെളിപ്പെടുത്തട്ടെ....

# നിങ്ങൾ എന്നെ ആർ എന്നു പറയുന്നു



വായനഭാഗം : മത്തായി 16:13 - 19

ഇന്ന് യേശു ഒരു സൂപ്പർ മാർക്കറ്റ് ആണ്. പ്രസംഗിച്ചു പ്രസംഗിച്ചു പലരും യേശുവിനെ അവരവരുടെ ഈ ലോകത്തിൽ വന്നതിനുള്ള ഉദ്ദേശത്തെ മറക്കുന്നു. അല്ലെങ്കിൽ മറച്ചുവയ്ക്കുന്നു. യേശു ആരാണ് എന്ന് ഈ തലമുറയ്ക്ക് അറിയില്ല എന്നത് ഒരു യാഥാർത്ഥ്യമാകുകയാണ്. അനേകം പ്രാസംഗികർ (അവരെ ദൈവദാസന്മാർ എന്നു വിളിക്കുന്നത് ശരിയല്ലെന്ന് എന്റെ മനസ്സ് പറയുന്നു.] യേശുവിനെ കാറും വീടും തരുന്നവനും, ജോലിയിൽ ഉയർച്ചയും പനിയും ചൊറിയുമെല്ലാം മാറ്റുന്നവനുമായിട്ടാണ് ജനങ്ങൾക്ക് പരിചയപ്പെടുത്തുന്നത്. തന്റെ പിതാവിന്റെ സന്നിധിയിൽ നിന്ന് ഈ ലോകത്തിലേക്ക് കർത്താവ് വന്നത് ഈ വക ഭൗതിക നന്മകൾ തരുവാനായിട്ടല്ല.

കാൽവരിയിലെ പങ്കപ്പാടും ക്രൂശുമരണവും, ഉയിർത്തെഴുന്നേല്പും, ഒരിക്കലും നമ്മുടെ ഭൗതിക ഉന്നമനത്തിനായിരുന്നില്ല. തന്റെ ഭൂമിയിലെ ജീവിത, മരണ ഉയിർപ്പിലൂടെ ദൈവം നമുക്കു നല്കിയത് നിത്യത (നിത്യമായ സ്വർഗ്ഗം)യാണ്. നമ്മുടെ വിശുദ്ധീകരണം, പാപമോചനം, സാത്താന്റെ മേൽ വിജയം, നിരപ്പിന്റെ ശുശ്രൂഷ, ദാസ്യത്തിൽ നിന്നും പുത്രത്വത്തിലേക്കുള്ള പരിവർത്തനം, നിത്യ നരകത്തിൽ നിന്നും നമ്മെ രക്ഷിക്കുവാനുള്ള നിത്യമായ ബലി ഇതൊക്കെ ആയിരുന്നു കർത്താവിന്റെ ഈ ലോകത്തിലെ ഉദ്ദേശം.

തന്റെ ജീവിതകാലത്തു തന്നെ തന്നെയും, തന്റെ പ്രവൃത്തികളെയും ജനത്തിനു മനസ്സിലായില്ല എന്ന ബോധ്യം കർത്താവിനുണ്ടായിരുന്നു. അതിനാലാണ് നാം ആമുഖമായി പ്രസ്താവിച്ചിട്ടുള്ള വാക്യം, ജനങ്ങൾ മനുഷ്യപുത്രനെ ആർ എന്നു പറയുന്നു. അതെ, ഈ ലോകം യേശുവിനെ ആരെന്നറിയുന്നു: എന്നാൽ വീണ്ടും യേശു ചോദിക്കുന്നു "നിങ്ങളോ എന്നെ ആർ എന്നു പറയുന്നു. യേശുവിന്റെ ചോദ്യം അന്നത്തെ യേശുവിനെ

വിശ്വസിക്കുന്ന സ്വന്തം ശിഷ്യന്മാരോട് യേശു ചോദിക്കുന്നു. തന്നെ അന്വേഷിക്കുന്ന ജനത്തെ യേശു തിരിച്ചറിഞ്ഞിരുന്നു. യോഹന്നാൻ 6:26-ൽ നിങ്ങൾ അടയാളം കണ്ടതുകൊണ്ടല്ല അപ്പം തിന്നതുകൊണ്ടത്രെ എന്നെ അന്വേഷിക്കുന്നത്.

ഇന്നും ജനം യേശുവിനെ അവൻ കർത്താവായതുകൊണ്ടാണോ അതോ ഭൗതികനന്മകളുടെ ദാതാവായതുകൊണ്ടാണോ അന്വേഷിക്കുന്നത്?

ഫിലിപ്പിന്റെ കൈസറിയ എന്ന ഒരുകാലത്തു വിഗ്രഹാരാധനകളുടെ തറവാട്ടിൽ നിന്നാണ് കർത്താവ് ഈ ചോദ്യം ചോദിക്കുന്നതും തന്നെത്തന്നെ വെളിപ്പെടുത്തുന്നതും. ഞാൻ ജീവനുള്ള ദൈവത്തിന്റെ പുത്രനാണെന്നും.

ഈ ലോകം യേശുവിനെ അന്നും ഇന്നും ആരായിട്ടാണ് കണ്ടിരുന്നത് എന്നു നമുക്കു ശോധിക്കാം!

മത്തായി 16:14- ചിലർ യേശു ശിരസ്സ് ഛേദിക്കപ്പെട്ടു മരിച്ച യോഹന്നാൻ സ്നാപകനാണെന്നും, ചിലർ പഴയനിയമ പ്രവാചകനായ ഏലിയാവ് ആണെന്നും, വേറെ ചിലരാകട്ടെ മറ്റൊരു പ്രവാചകനാണെന്നും വിശ്വസിച്ചു.

യേശുവിന്റെ കാലഘട്ടത്തിൽ അവനെ ജനം ആരെന്നു തിരിച്ചറിഞ്ഞില്ല. ആയതിനാൽ അവനെ തച്ചന്റെ മകനെന്നും യോസഫിന്റെ പുത്രനെന്നും, മേരിസുതനെന്നും വിളിച്ചിരുന്നു. ഭൂതങ്ങളുടെ തലവനെക്കൊണ്ടാണ് അവൻ ഭൂതങ്ങളെ പുറത്താക്കുന്നതെന്ന് ചിലർ പറഞ്ഞു. ചിലരാകട്ടെ അവൻ ദരിദ്രർക്കും കുരുടർക്കും, രോഗികൾക്കും നന്മ ചെയ്തതുകൊണ്ട് നല്ലവനായ ഒരു മനുഷ്യൻ എന്നു വിളിച്ചു. നിക്കോദേമോസിനെപ്പോലെയുള്ളവർ യേശുവിനെ ഒരു ഗുരുവായി കണ്ടു.

ഇന്നത്തെ സാഹചര്യത്തിലും യേശുവിനെ ദൈവപുത്രനായി കാണുന്നതിനു പകരം ചരിത്രത്തെ വിഭജിച്ചവനായും വിപ്ലവകാരിയായും, ലോകജനതയെ സ്വാധീനിച്ചവനെന്നും വിളിക്കുന്നു. അവർക്കാർക്കും യേശു ദൈവമല്ല. ക്രിസ്തുവോ, മശിഹായോ അല്ല.

പല മതങ്ങൾ യേശുവിലൂടെ ദൈവത്തെ അംഗീകരിക്കാറില്ല. പ്രത്യേകിച്ച് ക്രിസ്തുമതവുമായി ബന്ധപ്പെട്ടു കിടക്കുന്നവയാണ് അതെന്നുള്ളത് നമ്മെ, അത്ഭുതപ്പെടുത്തുന്നവയാണ്. യഹോവസാക്ഷികൾ, യഹൂദമതം വരെ ക്രിസ്തുവിനെ അർഹിക്കുന്ന ബഹുമാനം നൽകുന്നില്ല. ദൈവമായി അംഗീകരിക്കുന്നില്ല. കർത്താവിന്റെ വചനങ്ങളെ സ്വന്തം ജീവിതത്തിൽ പകർത്തിയ ഗാന്ധിജിയും യേശുവിനെ അനേകം ദൈവങ്ങളിൽ ഒരുവനായിട്ട് കാണുന്നുള്ളൂ. ഇസ്ലാമിക മതത്തിന്റെ കാര്യവും വ്യത്യസ്തമല്ല.

എന്നാൽ നമ്മുടെ കർത്താവ് ഒരു വാഗ്ദത്ത സന്തതിയാണെന്നും അവന്റെ ജനനം, മരണം, പുനരുത്ഥാനങ്ങൾ അനാദിയായ പ്രവചനങ്ങളുടെ നിറവേറുകയായിരുന്നുവല്ലോ. അവന്റെ രണ്ടാം വരവും ആ പ്രവചനത്തിൽ ഉണ്ടെന്നുള്ളത് നമുക്കു പ്രത്യാശ നൽകുന്നു.

തന്റെ ജീവിതകാലത്തു യേശു തന്നെ ലോകത്തിനു വെളിപ്പെടുത്തിയിരുന്നു ആരെന്ന്. വഴിയും സത്യവും ജീവനുമെന്നും [യോഹന്നാൻ 14:16] ഞാനും പിതാവും ഒന്നാണെന്ന് [യോഹന്നാൻ 10:30] നിത്യജീവൻ നൽകുന്നവനെന്ന് [യോഹന്നാൻ 10:28] ചിലതു മാത്രമാണ്.

സ്വന്തം പുത്രനെ ദൈവം തന്നെ വെളിപ്പെടുത്തിയിരുന്നു. [മത്തായി 3:17] യേശു തന്റെ പ്രിയ പുത്രനെന്ന്. യേശുവിനെ സ്നേഹിച്ചു മനസ്സിലാക്കിയ ഒരു വിഭാഗം യേശുവിന്റെ ജീവിതകാലത്തും ആ നാട്ടിൽ ഉണ്ടായിരുന്നുവെന്ന് വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു. അവരുടെ എണ്ണം തീരെ കുറവായിരുന്നെങ്കിലും ജാതികൾക്കു വെളിപ്പെടുവാനുള്ള പ്രകാശമായി (ലൂക്കോസ്- 2:29) ശിമയോനും, യിസ്രായേലിന്റെ രാജാവെന്ന് നഥാനിയേലിനും [യോഹന്നാൻ 1:48-49] വരുവാനുള്ള ദൈവപുത്രനെന്ന് മാർത്തയും രാജാവെന്നു ക്രൂശിന്മേൽ കള്ളനും ക്രൂശിച്ച ശതാധിപനും വെളിപ്പെട്ടിരുന്നു. തന്റെ കർത്താവും ദൈവവുമെന്ന് തോമാശ്ലീഹായ്ക്കും വെളിപ്പെട്ടപ്പോൾ ജീവനുള്ള ദൈവത്തിന്റെ പുത്രനായി പരിശുദ്ധാത്മാവ് പത്രോസിനു വെളിപ്പെടുത്തി. ആ വെളിപാടിലാണ് കർത്താവു

തന്റെ സഭയെ പണിയുവാനുള്ള അധികാരം പത്രോസിനു നൽകിയത്.

യേശുവിനെ ഒരു വിൽപ്പനച്ചരക്കായി, സ്വാർത്ഥ താല്പര്യങ്ങൾക്കും ധന സമ്പാദനത്തിനുമുള്ള ഒരു മാർഗ്ഗമായി ചിലരെങ്കിലും തിരഞ്ഞെടുക്കുമ്പോൾ ഓർക്കുക കർത്താവു നമുക്കു നൽകിയതു നിത്യതയും, വിശുദ്ധിയും, രക്ഷയും, പൂർണ്ണത്വവുമായിരുന്നു. അവൻ നമ്മെ വിശുദ്ധീകരിക്കുകയും അനവധിയായ പാപങ്ങളെ മോചിച്ച് നിത്യസ്വർഗ്ഗത്തിനു അവകാശി ആക്കുന്നു. ഇതാണ് സത്യം. ഭൗതിക നന്മകൾ അതു ദൈവത്തിന്റെ ദാനമാണ്. അതു സാത്താന്റെ പക്കലും ലോക മക്കളുടെ കയ്യിലും ഉണ്ട്. പക്ഷേ വിശുദ്ധിയും ഭേർപാടും നിത്യസ്വർഗ്ഗവും പാപമോചനവും നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെ മാത്രം. ഈ ലോകത്തിൽ യേശു വന്നതു നിത്യജീവൻ നമുക്കു നൽകുവാനും പൂർണ്ണത്വം നൽകുവാനുമാണ്.

ഫിലിപ്പിന്റെ കൈസര്യയിൽ നിന്ന് യേശു ചോദിച്ച ചോദ്യം ഇന്നും മുഴങ്ങുന്നു. 'നിങ്ങൾ എന്നെ ആര് എന്നു പറയുന്നു'? ഇന്ന് ജനം എന്നെക്കുറിച്ചു എന്തു പറയുന്നു എന്നല്ല കാരണം അവർ എന്നെ തിരയുന്നത് അത്ഭുതം കണ്ടിട്ടല്ല, അപ്പം തിന്നിട്ടത്രേ. പത്രോസിനു ദൈവം വെളിപ്പെടുത്തിയ സത്യം ദൈവം നമുക്കും വെളിപ്പെടുത്തട്ടെ. അതെ കർത്താവു വീണ്ടും നമ്മുടെ വാതിൽ നിന്നു മുട്ടുന്നു, ചോദിക്കുന്നു, "നിങ്ങൾ എന്നെ ആര് എന്നു പറയുന്നു!"

---

രോഗിയായ ഒരു മനുഷ്യന് സമ്പന്നവും ആരോഗ്യകരവുമായ രക്തം കൈമാറുന്നത് പോലെ സഭയുടെ സാന്നിധ്യം ഒരു ശിഷ്യനെ സംബന്ധിച്ചിടത്തോളം പ്രധാനമാണ്.

Dwight L. Moody

# പ്രാർത്ഥന



ബ്ലെസ്സൺ രാജു
ചെങ്ങന്നൂർ

പ്രാർത്ഥനയല്ലാതില്ലിനിയൊന്നും
പ്രാകൃതമാമീ ലോകത്തിൽ
പ്രാർത്ഥനയാലാസാധ്യമായി
തീരുവതല്ലീ ലോകത്തിൽ.

വീരന്മാരുടെ ദൈവചരിത്രം
വചനം നമ്മിൽ ഓതുന്നു
പ്രാർത്ഥനയാലവർ വിജയം കൊയ്തു
പാവനമാമീ ലോകത്തിൽ.

ഏലിയാ താനും പ്രാർത്ഥന ചെയ്തു
മാരിയിൽ അത്ഭുതമുദ്രയാക്കി
അബ്രഹാമിൻ പ്രാർത്ഥനയ്ക്കവൻ
മറുപടി നല്കി മാനിച്ചു.

പിന്നാർ താനും പ്രാർത്ഥിച്ചല്ലോ
നീരുറവ തേടി അലഞ്ഞപ്പോൾ
വചനം തന്നെ മറവില്ലാതെന്നും
പ്രാർത്ഥനയാണെന്നറിയുക നീ.

യേശു താനും പ്രാർത്ഥനയായ്
പിതാവിനോട് യാചിച്ചു
അതുകൊണ്ടല്ലോ മാനവരിന്ന്
പ്രാർത്ഥന മന്ത്രമാക്കിയത്.



# കൂടെ പാർക്ക ....
# നേരം വൈകുന്നിതാ ....


യേശുവിന്റെ സാമിപ്യത്തിന്റെ മാസ്മര ശക്തി യിൽ തന്റെ ദുഃഖങ്ങൾ എല്ലാം അലി യുന്നതായി, രോഗത്തിന്റെ ഭാരങ്ങളെല്ലാം നീങ്ങിപ്പോകുന്ന തായി അവനു തോന്നി. തന്റെ മനസ്സിനെ നിറച്ച സമാധാന ത്തിന്റെ വീചികൾ അവൻ ഒരു കടലാസ്സിൽ പകർത്തി.

" **Abide with me;**

**fast falls the eventide....** "

അനേക വർഷങ്ങളായി ലോകത്തി ലെ വിവിധ രാജ്യങ്ങളിൽ ആയിരങ്ങ ൾക്കു ആശ്വാസമായി, സാന്ത്വനമായി ഉയരുന്ന അനുഗ്രഹീതമായ ആ ഗാന ത്തിന്റെ ഈരടികൾ അവിടെ രൂപം കൊള്ളുകയായിരുന്നു...

*'കൂടെ പാർക്ക...നേരം വൈകുന്നിതാ...'*



## HENRY FRANCIS LYTE

1793-1847

ആയിരത്തി എണ്ണൂറിനടുത്തു സ്കോട്ലാൻഡിലെ 'എഡ്നാം' എന്ന ഗ്രാമത്തിൽ ക്യാപ്റ്റൻ തോമസ് ലെയ്റ്റിന്റെയും അന്നാ മേരിയുടെയും രണ്ടാമത്തെ മകനായി ഹെൻറി ജനിച്ചു. ഫ്രെഞ്ച് റിബെലുകൾ ബ്രിട്ടന് എതിരായി ആക്രമണം തുടങ്ങിയപ്പോൾ അതിനെ അടിച്ചമർത്തുവാനായി ക്യാപ്റ്റൻ തോമസ് ലെയ്റ്റ് നിയോഗിക്കപ്പെട്ടു. ഭാര്യയും കുഞ്ഞുങ്ങളും അദ്ദേഹത്തെ അനുഗമിച്ചു.

ഹെൻറി ചെറുപ്പം മുതലേ അമ്മയുടെ ഓമനയായിരുന്നു. അവനിൽ കണ്ട ദൈവിക ചൈതന്യത്തെ, ബൈബിൾ കഥകൾ പറഞ്ഞു കൊടുത്തും, അവളുടെ അരികിൽ മുട്ടുകുത്തി പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചും, ദൈവസ്നേഹത്തെ കുറിച്ചു പറഞ്ഞു മനസ്സിലാക്കിയും അവൾ ഊട്ടി വളർത്തി.

ക്യാപ്റ്റൻ തോമസ് തന്റെ മൂത്ത രണ്ടു പുത്രന്മാരെയും പോർട്ടറോ റോയൽ സ്കൂളിൽ ചേർത്തു. അങ്ങനെ ഹെൻറിയും മൂത്ത സഹോദരനും ഹോസ്റ്റലിൽ താമസിച്ചു പഠിക്കുവാൻ ആരംഭിച്ചു. അധിക നാൾ കഴിയും മുമ്പേ ക്യാപ്റ്റൻ തോമസ് തന്റെ കുടുംബത്തെ ഉപേക്ഷിച്ചു 'ജേഴ്സി'യിലേക്കു പോയി. തുടർന്ന് ഇംഗ്ലണ്ടിലേക്കു യാത്രയായ അമ്മയും ഇളയകുഞ്ഞും അവിടെ വച്ച് പെട്ടന്ന് മരിച്ചു. മൂത്ത സഹോദരൻ സ്കൂളിൽ നിന്നും അപ്രത്യക്ഷനായി. അവനെക്കുറിച്ച് പിന്നീടു വിവരം ഒന്നും ലഭിച്ചില്ല.

ഒൻപതാമത്തെ വയസ്സിൽ ഹെൻറി ആരുമില്ലാത്തവനായി... അനാഥനായിത്തീർന്നു... മുകളിൽ ആകാശം... താഴെ ഭൂമി... സഹായിപ്പാൻ ആരുമില്ല... പിതാവില്ല... മാതാവില്ല... സഹോദരനില്ല... ആ പിഞ്ചു മനസ്സ് അനിശ്ചിതത്വത്തിന്റെ തിരമാലകളിൽ ആടി ഉലഞ്ഞു. ഹെൻറി ഫ്രാൻസിസ് ലെയ്റ്റ് എന്ന അനാഥബാലൻ.. നിസ്സഹായനായി പോർട്ടോറാ

റോയൽ സ്കൂളിന്റെ കൽപടവുകളിൽ ഇരുന്നു തേങ്ങി കരഞ്ഞു...

പോർട്ടറോ റോയൽ സ്കൂളിന്റെ ഹെഡ്മാസ്റ്റർ ഡോ. ബെറോസ് വലിയ മനസ്സലിവുള്ള മനുഷ്യനായിരുന്നു. അദ്ദേഹം ഹെൻറിയുടെ ദുഃഖം കണ്ടു മനസ്സലിവു തോന്നി, അവനെ സ്വന്തം വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോയി. സ്വന്തം മക്കളോടുകൂടെ അവനെ വളർത്തി. വിദ്യാഭ്യാസത്തിനു വേണ്ട ചിലവു ചെയ്തു അവനെ പഠിപ്പിച്ചു. സ്കോളർഷിപ്പോടു കൂടി ലെയ്റ്റ് പഠനം പൂർത്തിയാക്കി. ഒരു ഡോക്ടർ ആകുവാൻ അവനെ മെഡിക്കൽ സ്കൂളിൽ ചേർക്കുവാൻ ഒരുങ്ങി... എന്നാൽ ദൈവവേലക്കുള്ള ഉൾവിളി ലെയ്റ്റിന്റെ അന്തരംഗങ്ങളിൽ മുഴങ്ങിയതിനാൽ അവൻ ദൈവവചനം പഠിക്കുവാനും ഒരു സുവിശേഷകനാകുവാനും സ്വയം സമർപ്പിച്ചു. ആറടി ഉയരവും കറുത്ത ചുരുണ്ട മുടിയുമുള്ളവനായിരുന്ന ലെയ്റ്റ് അതിസുന്ദരനായ ചെറുപ്പക്കാരനായിരുന്നു. മൂന്നു വർഷം ചാൻസിലർ മെഡൽ നേടിയ ലെയ്റ്റ് അവസാന വർഷം ഒരു സ്കോളർഷിപ്പു കൂടി നേടി സ്കൂളിൽ ഒന്നാമനായി വിജയിച്ചു. ബിരുദധാരിയായി പുറത്തിറങ്ങി.

1815-ൽ അദ്ദേഹം ഒരു ശുശ്രൂഷകനായി നിയമിതനായി. താൻ ശുശ്രൂഷിച്ച ഇടങ്ങളിലെല്ലാം അനുഗ്രഹീതനായ ദൈവദാസൻ എന്നു എല്ലാവരും അദ്ദേഹത്തെ പുകഴ്ത്തി. തന്റെ ഇടവകയിലെ പ്രവർത്തനങ്ങളിൽ കഠിനാധ്വാനം ചെയ്തിരുന്ന ലെയ്റ്റ് ചില വർഷങ്ങൾക്കുള്ളിൽ ശ്വാസകോശങ്ങളിൽ രോഗം ബാധിച്ചവനായി തീരുകയും അതു ഗുരുതരമായ ഒരു രോഗമായി അദ്ദേഹത്തെ അലട്ടുവാൻ തുടങ്ങുകയും ചെയ്തു. തണുപ്പു കുറവുള്ള സ്ഥലത്തേക്കു ഇടം മാറി താമസിക്കണം എന്നു ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം കുറച്ചു നാൾ അദ്ദേഹം ഫ്രാൻസിലും ഇറ്റലിയിലും ആയിരുന്നു.

രോഗം കുറഞ്ഞു മടങ്ങി എത്തിയ അദ്ദേഹം മേരി മാക്സ് വെല്ലിനെ വിവാഹം കഴിച്ചു. മേരിഭർത്താവി

യ തങ്കമ്മയായിരുന്നു. ഭർത്താവിന്റെ ശുശ്രൂഷയിൽ സഹായിക്കുന്നതിനും സാധുക്കളെയും, രോഗികളെയും സന്ദർശിച്ചു. അവർക്കു വേണ്ടുന്നത് നല്കുന്നതിലും അവർ ഭർത്താവിനോടു ചേർന്നു നിന്നു പ്രവർത്തിച്ചു.

കഠിനാദ്ധ്വാനത്താൽ ലെയ്ദിന്റെ ശരീര സ്ഥിതി വീണ്ടും വഷളായി. ക്ഷയരോഗം അദ്ദേഹത്തിന്റെ ശ്വാസകോശങ്ങളെ കാർന്നു തിന്നുവാൻ തുടങ്ങി. തന്റെ ശരീരം നുറുങ്ങപ്പെട്ടുകൊണ്ടിരിക്കുമ്പോഴും ന്യൂഫൗണ്ടിന്റെ തെക്ക് തീരത്തുള്ള ഗ്രീസ്പിം എന്ന കൊച്ചു മുക്കുവ ഗ്രാമത്തിൽ തന്റെ സഭയിലെ ജനങ്ങളുടെ ക്ഷേമത്തിനായി അദ്ദേഹം ഏറെ അദ്ധ്വാനിച്ചു. മീൻ പിടിത്തത്തിനു മുമ്പ് അവരെ പ്രാർത്ഥിപ്പിക്കുവാൻ... മീൻ പിടിത്തം കഴിഞ്ഞു അവർ സുരക്ഷിതരായി മടങ്ങി എത്തുമ്പോൾ അവരെ സ്വീകരിച്ചു പ്രാർത്ഥിക്കുവാനും അദ്ദേഹം കടൽക്കരയിൽ എത്തുമായിരുന്നു.



ലെയ്ദു തീർത്തും അവശനായി. സകലവും ... മറന്നു ദൈവരാജ്യത്തിനു വേണ്ടിയുള്ള അദ്ധ്വാനം അദ്ദേഹത്തിന്റെ ശരീരത്തെ ആകെ തളർത്തി. ഇതിനാൽ ചുരുങ്ങിയ നാളുകൾ മാത്രമേ ഈ ലോകത്തിൽ ജീവിക്കുകയുള്ളു എന്നു ലെയ്ദിനു മനസ്സിലായി.

ഒരു സായാഹ്ന സന്ധ്യയിൽ പ്രാർത്ഥനയ്ക്കായി തന്റെ ബൈബിൾ അദ്ദേഹം തുറന്നു. ജനാലയിൽ കൂടി വീശിയടിച്ച തണുത്ത കാറ്റിൽ ബൈബിളിന്റെ താളുകൾ താനെ മറിഞ്ഞു. താൻ ഏറ്റവും പ്രിയപ്പെട്ടിരുന്ന വചന ഭാഗത്തു പേജുകൾ വന്നു മറിഞ്ഞു നിന്നു. ലൂക്കോസിന്റെ സുവിശേഷം ഇരുപത്തിനാലാം അദ്ധ്യായം ഇരുപത്തിയൊൻപതാം വാക്യം 'ഞങ്ങളോടുകൂടെ പാർക്കുക; നേരം വൈകി അസ്തമിപ്പാറായല്ലോ' ആ സായാഹ്നത്തിന്റെ പ്രശാന്തതയിൽ ലെയ്ദു ആ വാക്യങ്ങൾ ആവർത്തിച്ചു വായിച്ചു... ദൈവീക സമാധാനത്തിന്റെ ഒരു ശാന്തമായ പ്രവാഹം അവന്റെ ഹൃദയത്തിലേക്കു ഒഴുകി എത്തി ഗ്രീസ്പിം കടൽക്കരയിലെ ആ

സന്ധ്യയിൽ അസ്തമയ സൂര്യനെയും, തിരമാലകളെയും നോക്കി അവൻ മെല്ലെ നടന്നു. യേശുവിന്റെ സാമീപ്യത്തിന്റെ മാസ്മരശക്തിയിൽ തന്റെ ദു:ഖങ്ങൾ എല്ലാം അലിയുന്നതായി, രോഗത്തിന്റെ ഭാരങ്ങൾ എല്ലാം നീങ്ങിപ്പോകുന്നതായി അവനു തോന്നി. തന്റെ മനസ്സിനെ നിറച്ച സമാധാനത്തിന്റെ വീചികൾ അവൻ ഒരു കടലാസ്സിൽ പകർത്തി. 'Abide with me, fast falls the eventide'... അനേക വർഷങ്ങളായി ലോകത്തിലെ വിവിധ രാജ്യങ്ങളിൽ ആയിരങ്ങൾക്കു ആശ്വാസമായി, സാന്ത്വനമായി ഉയരുന്ന അനുഗ്രഹീതമായ ആ ഗാനത്തിന്റെ ഈരടികൾ അവിടെ രൂപം കൊള്ളുകയായിരുന്നു. 'കൂടെ പാർക്ക... നേരം വൈകുന്നിതാ...'



ആ ഗാനം എഴുതിക്കഴിഞ്ഞു ലൈറ്റ് 1847- സെപ്റ്റംബർ മാസം ഫ്രാൻസിലെ നൈസിലേക്കു യാത്രയായി. യാത്രാമധ്യേ ആ ഗാനത്തിന്റെ അവസാന മാനുസ്ക്രിപ്റ്റ് 'അവിഗ്നോണി'ൽ നിന്നും തന്റെ ഭാര്യയ്ക്ക് അയച്ചു കൊടുത്തു. ഇനി തനിക്കു ഇംഗ്ലണ്ടിലേക്കു മടങ്ങിവരുവാനാവില്ല എന്നു മനസ്സു തന്നോടു മന്ത്രിച്ചു. അങ്ങനെ 'നൈസിൽ' എത്തി. തന്റെ രോഗം മൂർച്ഛിച്ചു. 1847 നവംബർ മാസത്തിൽ ഹെൻറി ഫ്രാൻസിസ് ലൈറ്റ് കുന്നുകൾ കടന്നു യേശുവിന്റെ ശോഭനമായ തീരത്തിലേക്കു പോയി...

ഇന്നും ബ്രിക്സ്ഹാം-ലെ പഴയ കനാൽ ലൈറ്റ് ചാപ്പലിൽ —— എല്ലാ രാത്രിയിലും എട്ടു മണിക്കു മീൻ പിടിത്തത്തിനു ബോട്ടുകൾ ഇറങ്ങുവാൻ മണി മുഴങ്ങുമ്പോൾ അവിടെ —— പ്രത്യേകമായി ആ ഗാനം ഉയരുകയായി... 'Abide with me...'

ബ്രിട്ടീഷ് രാജകുടുംബത്തിന്റെ ഏറ്റവും പ്രിയങ്കരമായ ആ ഗാനം അഞ്ചു വൻകരകളിലും മൂന്നു നൂറ്റാണ്ടുകളായി ആലപിക്കപ്പെടുന്നു. ഓരോ ദിവസവും ആയിരക്കണക്കിനു ക്രിസ്തീയ കുടുംബങ്ങളുടെ സന്ധ്യാപ്രാർത്ഥനയിൽ...

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയുടെ റിപ്പബ്ലിക് ദിനത്തിന്റെ 'Beating the Retreat'-ൽ ... ഇംഗ്ലണ്ടിലെ FA cup ഫുട്ബോൾ ഫൈനൽ മത്സരത്തിൽ... മഹാനായ മഹാത്മാ ഗാന്ധിയുടെ ദൈനംദിന പ്രാർത്ഥനകളിൽ... നാസി ഫയറിംഗ് സ്ക്വാഡിന്റെ വെടിയുണ്ടകളുടെ മുന്നിൽ പതറാതെ നിന്ന എഡിത്ത് കാവെൽ എന്ന ക്രൈസ്തവ വനിതയുടെ ചുണ്ടുകളിൽ... ജർമൻ ടോർപ്പിഡോ ഏറ്റു മുങ്ങുമ്പോൾ RMS Stella എന്ന യുദ്ധക്കപ്പലിന്റെ (ബ്രിഡ്ജിൽ നിന്നു രാഷ്ട്രത്തിനു വേണ്ടി വീരമൃത്യു വരിച്ചവരുടെ അധരങ്ങളിൽ... ഉയർന്ന പ്രാർത്ഥനയുടെ ഗാനം...

Abide with me; fast falls the eventide...
കൂടെ പാർക്ക... നേരം വൈകുന്നിതാ...

കടപ്പാട്: ബ്രോ. സിനി ജോയ്സ് മാത്യുവിന്റെ
ഗാന സ്മരണകളുടെ നദി എന്ന
നോവലിൽ...

**ചു**ങ്കക്കാരും വേശ്യമാരും നമുക്കു മുൻപേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുമെന്നുള്ള യേശുനാഥന്റെ മുന്നറിയിപ്പു അന്വർത്ഥമാകുന്നു. നിനവേയിലേക്കു അയക്കുന്ന മിഷനറിമാർ തർശീശിലേക്കു യാത്രക്കൂലി കൊടുത്തു കപ്പലുകളിൽ കയറുന്നു...
നിനവേയിലേക്കുള്ള ദൂരം പിന്നെയും നീണ്ടു പോകുന്നു...



ഷിബു ഡാനിയേൽ

# നിനവേയിലേക്കുള്ള ദൂരം



യഹോവയിൽ നിന്നുള്ള തർശീശ്

കപ്പലിന്റെ ടിക്കറ്റ് കൗണ്ടറിൽ സാമാന്യം നല്ല തിരക്കായിരുന്നു. തന്നെ പരിചയമുള്ളവരാരും ഇല്ലെന്ന് ഉറപ്പു വരുത്തി നീണ്ട നിരയുടെ ഒടുവിലായി യോനയും സ്ഥാനം പിടിച്ചു. പണം വെച്ച് തിരിച്ചും മറിച്ചും നോക്കി വീണ്ടും എണ്ണി ഓരോ യാത്രക്കാരനോടും വിശേഷങ്ങൾ തിരക്കിയൊക്കെയാണ് ഓരോ ടിക്കറ്റും കൗണ്ടറിൽ ഇരിക്കുന്ന പ്രായമുള്ള മനുഷ്യൻ കൊടുത്തുകൊണ്ടിരുന്നത്. ആരുടെയും കണ്ണിൽപെടാതെ എത്രയും പെട്ടന്ന് ടിക്കറ്റ് എടുത്തു കപ്പലിനുള്ളിലെ സുരക്ഷിത സ്ഥാനത്ത് അഭയം തേടുവാനുള്ള വ്യഗ്രത യോനയെ, ഈ ചോദ്യവും പറച്ചിലും ഇഴഞ്ഞു നീങ്ങുന്ന നീണ്ട നിരയുമൊക്കെ അക്ഷമനാക്കി. കുപിച്ച മുഖഭാവത്തോടുകൂടെ നിൽപ്പു കണ്ടു കൊണ്ടായിരിക്കാം മുമ്പേ വന്ന യാത്രക്കാരോടുള്ള പതിവു കുശലാന്വേഷണം യോനയോട് വേണ്ടെന്നു വച്ചത്. ഇത തർശീശിലേക്കുള്ള കപ്പലാണെന്നുള്ള ഓർമപ്പെടുത്തലാണ്, നിനവേക്കാണ് ....... ടിക്കറ്റ് ആവശ്യപ്പെടുന്നതെന്ന അബദ്ധം താൻ മനസ്സിലാക്കിയത്. വേഗത്തിൽ തർശീശ് എന്നു തിരുത്തി അതിവേഗം കപ്പലിലേക്ക് പ്രവേശിച്ചു. എവിടെയെങ്കിലും പോയി ഒന്നു ഒളിക്കുവാനുള്ള ആഗ്രഹത്തോടെ അധികമാരും ഇഷ്ടപ്പെടാത്ത കപ്പലിന്റെ അടിത്തട്ടുതന്നെ കപ്പൽ പ്രമാണിയോട് ചോദിച്ചു വാങ്ങി.

ഒരു ലക്ഷത്തിരുപതിനായിരത്തിൽ ചില്വാനം ജനങ്ങളുടെയും മൃഗങ്ങളുടെയും ന്യായവിധിയും മറച്ചുപിടിച്ചു യഹോവയുടെ സന്നിധിയിൽ നിന്നു ഒളിച്ചോടി കപ്പലിന്റെ അടിത്തട്ടിൽ...

ഇത്രയേറെ ബഹളം നടന്നിട്ടും അറിയാതെ എങ്ങനെ ഉറങ്ങുവാൻ കഴിയുന്നു എന്നുള്ള കപ്പൽ പ്രമാണിയുടെ

ശകാരമാണ് യോനായെ ഉണർത്തിയത്. ആരുടെയും കണ്ണിൽ പെടാതെ അടിത്തട്ടിലെ സ്വസ്ഥതയിൽ നിന്നു കപ്പലിലെ മുഴുവൻ യാത്രക്കാരുടെയും നടുവിൽ ...... ചോദ്യോത്തരത്തിനായി കാത്തു നിൽക്കുന്നു. തൊഴിൽ, നാട്, ജാതി... എല്ലാ ചോദ്യത്തിന്റെയും ഉത്തരം കടലും കരയും ഉണ്ടാക്കിയ സ്വർഗ്ഗീയ ദൈവമായ യഹോവയുടെ സന്നിധിയിൽ നിന്നുള്ള ഒളിച്ചോട്ടമാണെന്നുള്ള വെളിപ്പെടുത്തൽ കപ്പൽ യാത്രക്കാരെ ഒന്നടങ്കം ഭയചകിതരാക്കി.

ഒരുലക്ഷത്തിരുപതിനായിരത്തിലധികം ജനങ്ങളോടു കാണിക്കാത്ത ആർദ്രഭാവം കപ്പലിലെ അന്യജാതിക്കാർ തന്നോടു കാണിക്കുന്നതു കണ്ടു യോനാ മുഖം കുനിച്ചു. ....... തിരഞ്ഞെടുക്കപ്പെട്ടവൻ മുൻവിധിയോടെ, എല്ലായിടത്തും എല്ലാവരും രക്ഷിക്കപ്പെടണമെന്നുള്ള ദൈവഹൃദയത്തിന്റെ ആർദ്രത മനസ്സിലാക്കാതെ, ഉത്തരവാദിത്തത്തിൽ നിന്നു അകലപ്പെടുന്ന നിനവെയിൽ നിന്നും, തർശീശിലേക്കു കപ്പൽ കയറുമ്പോൾ തന്റെ അനുവാദം ഉണ്ടായിട്ടുകൂടി തങ്ങൾക്കു നഷ്ടം വരുത്തുന്ന കപ്പൽ യാത്രക്കാർ.

ആഴിയുടെ രൗദ്രഭാവം കെട്ടടങ്ങുവാൻ കപ്പലിലെ ചരക്കുകൾ എല്ലാം നിക്ഷേപിച്ചതു കൊണ്ടായില്ല. ഒടുവിൽ യോനായുടെ സമർപ്പണം സമുദ്രത്തിന്റെ കോപത്തെ ശമിപ്പിച്ചു.




ദേശത്തിന്റെ കാവൽ ഏൽപ്പിച്ചു ഉത്തരവാദിത്തപ്പെട്ടവർ ഒളിച്ചോടി സ്വസ്ഥതയോടെ എല്ലാം മറന്നു ഉറങ്ങുമ്പോൾ, ഉത്തരവാദിത്തം ഏൽപ്പിച്ചവൻ മയങ്ങുകയില്ല; ഉറങ്ങുകയുമില്ല.

ഇനിയും നാല്പതു ദിവസത്തെ ആയുസ്സു മാത്രമേ ഉള്ളുവെന്ന വാർത്തയോടെ-

ണ് മഹാനഗരമായ നിനവേ ഉറക്കമുണർന്നത്. നഗരമാകെ അതിവേഗം വാർത്ത പരന്നു. മഹാനഗരം നിശ്ചലമായി.

ജീവനുള്ള ദൈവത്തിന്റെ ന്യായവിധിയിൽ അകപ്പെടാതവണ്ണം രക്ഷപ്പെടേണ്ടതിന് ഉപവാസം പ്രസിദ്ധപ്പെടുത്തി. ചരിത്രത്തിലെ ഏറ്റവും വലിയ ഉപവാസം. മനുഷ്യനും മൃഗവും ഒരു വസ്തുവും ആസ്വദിക്കാതെ വെള്ളം ---- പോലും കുടിക്കാതെ രട്ടിലും വെണ്ണീറിലും ഇരുന്നുള്ള ഉപവാസം.. തങ്ങളുടെ കുറവുകളെ, ചെയ്തുപോയ ദുഷ്കാര്യങ്ങളെ കുറിച്ചുള്ള അനുതാപവും പ്രാർത്ഥനയും. മടങ്ങിവരുവാനുള്ള തീക്ഷ്ണമായ ആഗ്രഹം.

മഹാനഗരങ്ങളിൽ ആരും കാണാതെ ചെയ്യുന്ന അകൃത്യങ്ങൾ, ദുഷ്ടവിചാരങ്ങൾ, മ്ലേച്ഛതകൾ, താൽക്കാലിക സുഖങ്ങൾക്കായി ഏകനാഥനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിനെ നിഷേധിക്കുവാൻ മടികാട്ടാത്തവർ അഗ്നിജ്വാലെക്കു ഒത്ത കണ്ണുകളുള്ളവന്റെ ദൃഷ്ടിയിൽ നിന്നു മറയ്ക്കപ്പെടാമെന്നു വെറുതെ ആശിക്കുന്നു.



യഹോവയുടെ സന്നിധിയിൽ നിന്നു ഓടിപ്പോയി കടലിന്റെ അടിത്തട്ടിൽ അവധികാലം ചിലവിടാൻ ശ്രമിച്ചവനാണ് കുറച്ചു മുമ്പ് അത്രയും വിളിച്ചത്.

പാതാളത്തിൽ കിടക്ക വിരിച്ചാലും ഉഷസ്സിന്റെ ചിറകിലേറി സമുദ്രത്തിന്റെ അറ്റത്ത് പാർത്താലും ഇരുട്ടുകൊണ്ടു മൂടുവാൻ ശ്രമിച്ചാലും പകലും രാത്രിയും ഒരുപോലെയുള്ളവന്റെ കണ്ണുകളിൽ നിന്നു ഓടിപ്പോകാമെന്നുള്ള മിഥ്യാധാരണ.

വിശ്വാസവും പ്രവൃത്തിയും ഒരേദിശയിലെത്തിച്ച നിനവേയെന്ന മഹാനഗരം. മാനസാന്തരം പ്രവർത്തിപഥത്തി-

ൽ കൂടെ തെളിയിച്ച മഹാനഗരം ന്യായവിധിയിൽ നിന്നും ഒഴിഞ്ഞു പോയി. മടങ്ങിവരുവാനുള്ള അവസരത്തെ പ്രവർത്തിയിലൂടെ തെളിയിച്ച നഗരത്തോട് ദൈവം അനുതപിച്ചു.

തന്റെ ജോലി വേഗത്തിൽ തീർത്തു നിനെവേയുടെ ന്യായവിധി കാണുവാനായി നഗരത്തിൽ നിന്നും സുരക്ഷിത സ്ഥാനം പിടിച്ച യോനായ്ക്കു ദൈവപ്രവർത്തിയോടു യോജിക്കുവാൻ കഴിഞ്ഞില്ല. ഒരു ലക്ഷത്തിരുപതിനായിരത്തിലധികം മനുഷ്യജീവനേക്കാൾ തന്റെ പ്രവാചക നിവർത്തിക്കായി കാംക്ഷിച്ച യോനാ, കോപാകുലനായി.

വിശ്വസിക്കാത്തവനെ എങ്ങനെ
വിളിച്ചപേക്ഷിക്കും?
അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും.?
പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും?
ആരും അയക്കാതെ എങ്ങനെ പ്രസംഗിക്കും?.

എന്നുള്ള സുവിശേഷീകരണത്തിന്റെ അടിസ്ഥാനം പോലും മറന്നു യോനാ പ്രവാചകൻ ദൈവത്തോട് കോപിച്ചു. നിനെവേയിലെ മിഷൻ എന്നെ ഏൽപ്പിച്ചപ്പോഴെ ഞാനിതെല്ലാം നിന്റെ മുൻപിൽ സമർപ്പിച്ചതല്ലേ. നീ അനർത്ഥത്തെക്കുറിച്ചു അനുതപിക്കുന്നവനാണെന്നു ഞാൻ മുൻപേ അറിഞ്ഞതുകൊണ്ടല്ലേ തർശീശിലേക്കു കപ്പൽ കയറിയത്. വാക്കുകൾക്കു വിലയില്ലാത്തവനായി പ്രവചനത്തിന്റെ നിവൃത്തി കാണാത്ത പ്രവാചകനായി ജീവിച്ചിരിക്കുന്നതിനേക്കാൾ മരിക്കുന്നതാണ് എനിക്കുനല്ലത്.

വലങ്കയ്യും ഇടങ്കയ്യും തിരിച്ചറിഞ്ഞു കൂടാത്ത ജനങ്ങളോടുള്ള സൃഷ്ടിതാവിന്റെ അനുഭാവത്തേക്കാൾ, മഹാനഗരത്തോടുള്ള കോപത്തെ മരണപര്യന്തം സൂക്ഷിക്കുവാനുള്ള തീരുമാനത്തിൽ നിന്നും പ്രവാചകനെ പിന്തിരിപ്പിക്കുവാൻ ആവണക്കിന്റെയും പുഴുവിന്റെയും അത്യുഷ്ണത്തിന്റെയും കിഴക്കൻ കാറ്റിന്റെയും പഠിപ്പിക്കലുകൾക്കു സാധ്യമായില്ല.

തർശീശ് കപ്പലിലെ യാത്രക്കാരും ഒരു ലക്ഷത്തിരുപതിനായിരത്തിലധികം മനുഷ്യരുള്ള മഹാനഗരമായ നിനവേയും തന്റെ പ്രവർത്തിയിലൂടെ രക്ഷ (പ്രാപി)ച്ചപ്പോൾ ദൈവഹൃദയത്തിന്റെ ആഴങ്ങളെ മനസ്സിലാക്കാത്ത, ന്യായവിധി ഉണ്ടായാലും കുഴപ്പമില്ല തന്റെ പ്രവചന നിവൃത്തി കാണുവാൻ കൊതിക്കുന്ന യോനയെപ്പോലുള്ള പ്രവാചകൻമാർ ഇന്ന് കാലത്തിലും കുറവല്ല.

ചുങ്കക്കാരും വേശ്യമാരും നമുക്ക് മുൻപേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുമെന്നുള്ള യേശുനാഥന്റെ മുന്നറിയിപ്പ് അന്വർത്ഥമാകുന്നു. നിനവേയിലേക്കു അയക്കുന്ന മിഷനറിമാർ തർശീശിലേക്കു യാത്രക്കൂലി കൊടുത്തു കപ്പലുകളിൽ കയറുന്നു...

നിനവേയിലേക്കുള്ള ദൂരം പിന്നെയും നീണ്ടു പോകുന്നു.

---

"I cannot tell you what joy it gave me to bring the first soul to the Lord Jesus Christ. I have tasted almost all the pleasures that this world can give. I do not suppose there is one that I have not experienced, but I can tell you that those pleasures were as nothing compared to the joy that the saving of that one soul gave me."

C.T. Studd



റെജി ഓമല്ലൂർ

# ക്രിസ്തീയ ജീവിതത്തിന്റെ 8 പടവുകൾ




**ക്രിസ്തുവിൽ**

**ഇവയില്ലാത്തവനോ കുരുടൻ അത്രേ;**

"അതുനിമിത്തം തന്നേ നിങ്ങൾ സകലഉത്സാഹവും കഴിച്ചു, നിങ്ങളുടെ വിശ്വാസത്തോടു വീര്യവും വീര്യത്തോടു പരിജ്ഞാനവും പരിജ്ഞാനത്തോടു ഇന്ദ്രിയജയവും ഇന്ദ്രിയജയത്തോടു സ്ഥിരതയും സ്ഥിരതയോടു ഭക്തിയും ഭക്തിയോടു സഹോദരപ്രീതിയും സഹോദരപ്രീതിയോടു സ്നേഹവും കൂട്ടിക്കൊൾവിൻ."

(2 പത്രൊസ് 1: 5 - 9)

വിശ്വാസം: ക്രിസ്തു വിശ്വാസത്താൽ നമ്മുടെ ഹൃദയത്തിൽ വസി-
ക്കണം. ക്രിസ്തീയ ജീവിതത്തിന്റെ ഏറ്റവും വലുതും അടിസ്ഥാ-
നവും ആയ കാര്യം വിശ്വാസമാണ്. വിശ്വാസം കൂടാതെ ദൈവത്തെ
പ്രസാദിപ്പിക്കുവാൻ കഴിയുന്നതല്ല. ഉല്പത്തി 15ാം അദ്ധ്യായത്തിൽ
അബ്രഹാം ദൈവത്തിൽ വിശ്വസിച്ച് അത് അവനു നീതിയായി
കണക്കിട്ടത് എങ്ങനെയെന്ന് നമുക്കു കാണുവാൻ കഴിയും.
ഇന്ന് ലോകം കാഴ്ചയിൽ ജീവിക്കുന്നു. എന്നാൽ വചനം പറയുന്നു.
കാഴ്ചയാലല്ല, വിശ്വാസത്താലാണ് നടക്കേണ്ടത്. വിശ്വാസം ഉറച്ചത്
അല്ലെങ്കിൽ ഒരു ഭവനത്തിന്റെ അടിസ്ഥാനം ഉറപ്പില്ലാതെ
പോകുന്നതു പോലെ ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനവും
നഷ്ടപ്പെടും.

വീര്യം: വിശ്വാസത്തോടെ കൂടെ കാര്യമാണ് വീര്യം. യോശുവ
ആറാം അദ്ധ്യായത്തിൽ യെരിഹോ മതിലും പട്ടണവും തകർത്തു
പിടിച്ചെടുത്തത് അവരുടെ വിശ്വാസത്തോടെ വീര്യം കൂടി അങ്ങനെ
യോശുവയും കൂട്ടരും ആയുധം കൊണ്ടല്ല ഉത്സാഹത്തോടെ ഉള്ള
വീര്യമാണ് വലിയ പട്ടണത്തെ പിടിച്ചടക്കിയത്. അതു പോലെ
എബ്രായ ബാലന്മാർ എരിയുന്ന തീച്ചൂളയുടെ നടുവിലും വിശ്വാസത്തോ-
ട് വീര്യം കൂടി. നാമോരോരുത്തരും പ്രത്യാശയുടെ പൂർണ്ണ
നിശ്ചയം പ്രാപിപ്പാൻ അവസാനത്തോളം ഒരു പോലെ
ഉത്സാഹം (വീര്യം) ഉള്ളവരായിരിക്കണം. ഒരു ഭവനത്തിന്റെ
അടിസ്ഥാനം (Foundation) മുകളിൽ ഉള്ള എല്ലാ ഭാരത്തെയും
താങ്ങുന്നതു പോലെ ക്രിസ്തീയ ജീവിതത്തിൽ വീര്യത്തോടെ
ജീവിക്കണം.

പരിജ്ഞാനം: യേശുവിൽ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തി-
ന്റെയും നിക്ഷേപങ്ങൾ ഗുപ്തം
ആയിരിക്കുന്നു. വശീകരണ വാക്കുകളാൽ ആരും നമ്മളെ ചതി-
ക്കാതിരിക്കുവാൻ പൗലോസ് ലേഖനത്തിൽ കൂടി ഓർമ്മിപ്പിക്കുന്നു.

ഇന്നു വശീകരണ വാക്കുകൾ കൊണ്ടു വ്യാജന്മാരെ കൂടി ചിലരും തെളിച്ചു കളയുന്നു. അതുകൊണ്ടു വിശ്വാസത്തോടു വീര്യവും വീര്യത്തോടു പരിജ്ഞാനവും കൂട്ടണം. ലോകത്തെ നേടുവാനുള്ള പരിജ്ഞാനം അല്ല പ്രത്യുത ക്രിസ്തുവിൽ നിലനിൽക്കുവാൻ ക്രിസ്തുവിനെ അനുഭവിച്ചറിയുവാൻ, സുവിശേഷം ഗ്രഹിക്കുവാൻ, നമുക്ക് ലഭിക്കുന്ന നന്മകൾ ക്രിസ്തുവിൽ നിന്നോ ലോകത്തിൽ നിന്നോ എന്ന് തിരിച്ചറിയുവാനുള്ള പരിജ്ഞാനം. സ്നേഹം മേൽക്കുമേൽ പരിജ്ഞാനത്തിൽ സകല വിവേകത്തിലും വർദ്ധിച്ചു വന്നിട്ട് ഭേദാഭേദങ്ങളെ വിവേചിച്ചു അറിയണം. എന്നിട്ട് ക്രിസ്തുവിന്റെ നാളിലേക്കു നിർമ്മലരും ഇടർച്ച ഇല്ലാത്തവരും ആയിരിക്കേണം.

ഇന്ദ്രിയജയം: SELF CONTROL എന്താണ് ഇന്ദ്രിയജയത്തിന്റെ ഉദാഹരണം ചിന്തിക്കാം. പൗലോസ് അപ്പോസ്തലൻ ഫെലിക്സിനോട് നീതി, ഇന്ദ്രിയജയം വരുവാനുള്ള ന്യായവിധി സംസാരിച്ചപ്പോൾ ഫേലിക്സ് ഭയപരവശനായി. ഇന്ന് സഭകളിലും ഇങ്ങനെയുള്ള പ്രശ്നങ്ങൾ ഉണ്ടായി നിന്നു പോകുന്നു. വിശ്വാസജീവിതത്തിൽ ശരീരത്തെ നാം നിയന്ത്രിച്ചില്ലെങ്കിൽ നാം പെട്ടു പോകും. ഫോൺ കാണുമ്പോൾ, ചാനലുകൾ, തുടങ്ങി ലോകം മോഹിപ്പിക്കുന്ന സകലത്തിലും നിയന്ത്രണം സ്വയമായി കൊണ്ടുവരുവാൻ നമുക്കു സാധിക്കേണം. അങ്കം പൊരുതുന്നവർ ഒക്കെയും സകലത്തിലും വർജ്ജനം ആചരിച്ചാൽ വാടാത്ത കിരീടം പ്രാപിക്കാം.

സ്ഥിരത: നാം ചിന്തിച്ച ആദ്യത്തെ നാലു കാര്യങ്ങൾ ഉള്ളിലേക്കു വരേണ്ട കാര്യങ്ങളാണ്. അടുത്ത നാലു വിഷയങ്ങൾ നമ്മിൽ നിന്ന പുറത്തേക്ക് ഒഴുകേണ്ടതാണ്. നമ്മുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു. ഹാനോക്ക് 300 വർഷം ദൈവത്തോട് കൂടെ സ്ഥിരത കൈവിടാതെ നടന്നതുപോലെ. സഭയിൽ വരുമ്പോൾ

മാത്രമല്ല, ക്രിസ്തുവുമായുമുള്ള ജീവിതം എപ്പോഴും സ്ഥിരതയുള്ളതാണോ എന്ന് ശോധന ചെയ്യണം. സങ്കീർത്തനം 37:7ൽ ദൈവത്തിന്റെ മുമ്പാകെ മിണ്ടാതിരിക്കുവാൻ കാര്യസാധ്യത്തിനായിട്ടല്ല പിന്നെ സ്ഥിരതയുള്ളവരാകുവാൻ. ദാനിയേൽ ദിവസവും മൂന്നു നേരം പ്രാർത്ഥിക്കുമായിരുന്നു. ആവശ്യം വരുമ്പോൾ മാത്രമല്ല, എല്ലാ കാലത്തിലും. ഒരു ബിൽഡിംഗിന്റെ സ്ഥിരതയ്ക്കു കമ്പിയും മണലും മെറ്റലും ആനുപാതികമായി ചേർക്കുന്നതുപോലെ സ്ഥിരതയുള്ള ജീവിതം നയിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

ഭക്തി: ഭക്തന്മാർ ലോകത്തിൽ കുറഞ്ഞുകുറഞ്ഞുവരുന്നു. എന്നാൽ വചനം പറയുന്നു, പിതാവായ ദൈവത്തിന്റെ മുമ്പിൽ ശുദ്ധവും നിർമ്മലവുമായ ഭക്തിയോ അനാഥരെയും വിധവമാരെയും അവരുടെ സങ്കടങ്ങളിൽ കാണുന്നതും, ലോകത്താലുള്ള കളങ്കം പറ്റാതെ തന്നെത്താൻ കാത്തുകൊള്ളുന്നതും ആകുന്നു. സാഹചര്യം അനുസരിച്ചുള്ള ഭക്തിയല്ല സമ്പത്ത് ഉള്ളപ്പോഴും ദരിദ്രൻ ആയാലും തന്റെ ഭക്തി മുറുകെപിടിച്ച് ഇയ്യോബിനെപോലെ ദൈവത്തെ ഭയപ്പെടുന്ന ഭക്തിയുള്ളവരായിരിക്കണം. നമ്മ് ഭക്തി ഉണ്ട് ഭയത്തോടുള്ള ഭക്തി ഉണ്ടോ സങ്കടത്തിൽ പോലും. നാവിനെ കടിഞ്ഞാൺ ഇടാതെ ഞാൻ ഭക്തനെന്നു നിരൂപിച്ചാൽ അവന്റെ ഭക്തി വ്യർത്ഥം. വീടിന്റെ മേൽക്കൂര മഴയിൽ നിന്നും വെയിലിൽ നിന്നും വീടിനെ സംരക്ഷിക്കുന്നതുപോലെയാണ് ഒരുവന്റെ ഭക്തി ക്രിസ്തീയ ജീവിതത്തിൽ തന്നെ നിലനിർത്തുന്നത്.

സഹോദര പ്രീതി: സഹോദരപ്രീതിയാൽ തമ്മിൽ പെരുമാറുന്നതിൽ അന്യോന്യം മുന്നിട്ടുകൊൾവിൻ. തന്റെ സഹോദരങ്ങൾക്ക് വേണ്ടി ചാക്കിലും വെണ്ണീറിലും കിടന്ന മൊർദെഖായി, കൊട്ടാരത്തിലെ സുഖങ്ങൾ വെടിഞ്ഞ മോശ തുടങ്ങിയവർ സഹോദരപ്രീതിയിൽ നിലനിന്നു. പൗലോസ്

തന്റെ ജീവനെ സഹോദരങ്ങൾക്ക് വേണ്ടി വെച്ചുകൊടു
ക്കുവാൻ തയ്യാറായിരുന്നു എന്ന് വചനം പറയുന്നു.
കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവൻ കാണാത്ത ദൈവത്തെ
സ്നേഹിക്കുവാൻ കഴിയുകയില്ല. നാം ദൈവത്തെ സ്നേഹിക്കുന്നു
ണ്ടോ? ഒരു വീടിന്റെ പ്ലാസ്റ്റർ വർക്ക്പോലെ നമ്മെ മുഴുവൻ
പൊതിഞ്ഞ്, സ്നേഹിക്കുവാൻ നമുക്കു കഴിയട്ടെ.

സ്നേഹം: കാൽവരിയിൽ നാം ദൈവമക്കൾ എന്ന വിളിക്കപ്പെടുവാൻ
പിതാവ് നമുക്കു എത്ര വലിയ സ്നേഹം നല്കിയിരിക്കുന്നു:
നാം ആ സ്നേഹത്തിൽ തന്നെയാണോ, അതിനെക്കാൾ വിശ്വാ
സത്തോടു വീര്യവും വീര്യത്തോടു പരിജ്ഞാനവും പരിജ്ഞാന
ത്തോടു ഇന്ദ്രിയജയവും ഇന്ദ്രിയജയത്തോടു സ്ഥിരതയും
സ്ഥിരതയോടെ ഭക്തിയും ഭക്തിയോടു സഹോദര പ്രീതി
യും സഹോദരപ്രീതിയോടു സ്നേഹവും കൂട്ടണം. ക്രിസ്തു
നമ്മെ സ്നേഹിച്ച സ്നേഹം നാം പാപികൾ ആയിരിക്കുമ്പോഴാ
ണ്. സ്നേഹിതർക്കു വേണ്ടി തന്റെ ജീവനെ വെച്ചുകൊടു
ക്കുന്ന സ്നേഹം നമ്മിലൂടെ പുറപ്പെടട്ടെ. ഒരു വീടിന്റെ
ഭംഗിയും പുറമെയുള്ള പെയിന്റിംഗ് പോലെ നമ്മെ നല്ല
മനോഹരമാക്കണമെങ്കിൽ മേൽപറഞ്ഞ ഏഴു സദ്ഗുണങ്ങളുടെ
കൂടെ സ്നേഹം ചേർക്കണം.

# ചോദ്യാവലി



i പരിശുദ്ധാത്മാവിനോടു വ്യാജം കാണിച്ചതിനാൽ മരിച്ചു പോയ സഫീറയുടെ ഭർത്താവിന്റെ പേര്?

ii ഇയ്യോബിന്റെ ദേശം ഏതായിരുന്നു?

iii യേശു ബെത്ലഹേമിൽ ജനിച്ചപ്പോൾ എത്ര വിദ്വാൻമാരാണ് കിഴക്കുനിന്നും അവനെ നമസ്കരിക്കുവാനായി വന്നത്?

ഉത്തരങ്ങൾ അയക്കേണ്ട വിലാസം.

agape.magasine@gmail.com

കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ.

i. ബാലിനു മുഴങ്കാൽ മടക്കാത്ത എത്ര പേരെയാണ് യിസ്രായേലിൽ ദൈവം ശേഷിപ്പിച്ചിരിക്കുന്നത്?

ഉത്തരം: 7000.


ii. ദോഷവും വ്യഭിചാരവും ഉള്ള തലമുറ എന്താണ് തിരയുന്നത്?

ഉത്തരം: അടയാളം.

iii. ഞാൻ സ്വർഗ്ഗീയ ദർശനത്തിനു അനുസരണക്കേടു കാണിക്കയില്ല എന്നു പൗലോസ് ആരോടാണു പറഞ്ഞത്?

ഉത്തരം: അഗ്രിപ്പാരാജാവിനോട്

ഉത്തരം അയച്ചത്: സിസ്റ്റർ ആനി റോജി.




follow us:

+971 50 3243161 Gmail agape.magasine@gmail.com www.facebook.com/agapemagasine

web: www.agapemagazine.com